LIBRARY ARCHIVES Kerala Legislative Assembly

പരിസ്ഥിതി വകുപ്പ് അനുമതി നിഷേധിച്ച വ്യവസായ സ്ഥാപനങ്ങൾ

296 (3930) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ പരിസ്ഥിതി വകുപ്പ് അനുമതി നിഷേധിച്ച എത്ര വ്യവസായ സ്ഥാപനങ്ങൾ ഉണ്ട് ; അവ ഇപ്പോഴും പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിലുണ്ടോ ;

(ബി) ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾക്കാണ് സ്റ്റോപ്പ് മെമ്മോ നൽകിയത്; എന്ത് കാരണത്താലാണ് മെമ്മോ നൽകിയത്; പ്രസ്തുത കുറവുകൾ ടി സ്ഥാപനങ്ങൾ പരിഹരിക്കുമോ ; വിശദാംശം നൽകാമോ ;

(സി) കഞ്ചിക്കോടിലെ വ്യവസായ സ്ഥാപനങ്ങൾ പരിസ്ഥിതിക്ക് ഏതെല്ലാം തരത്തിലാണ് ദോഷം ചെയ്യുന്നത്; വിശദീകരണം നൽകാമോ; അത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) പരിസ്ഥിതി വകുപ്പ് അനുമതി നിഷേധിച്ച വ്യവസായ സ്ഥാപനങ്ങൾ നിലവിലില്ല.

(ബി) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ തിരുപ്പൂർ ആയുർ കോട്ടൺ എന്ന സ്ഥാപനത്തിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. ശുദ്ധീകരിക്കാത്ത മലിനജലം പുറത്തേക്ക് ഒഴുക്കിയതുമൂലമാണ് അടച്ചുപൂട്ടൽ നിർദ്ദേശം നൽകിയത്. സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നില്ല.

(സി) വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് ജല, വായു, പാരിസ്ഥിതിക നിയമപ്രകാരമുള്ള അനുമതി ആവശ്യമാണ്. കഞ്ചിക്കോട് വ്യവസായ മേഖലയിൽ 38 സ്റ്റീൽ നിർമ്മാണ യൂണിറ്റുകളുണ്ട്. എല്ലാ സ്റ്റീൽ നിർമ്മാണശാലകളിലും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ ഇടയ്ക്കിടെ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. സ്ലാഗ്, സിമന്റ് നിർമ്മാണ യൂണിറ്റുകളിലേക്ക് അസംസ്കൃത വസ്തുവായി നൽകുവാനാണ് മലിനീകരണ

നിയന്ത്രണ ബോർഡ് നിർദ്ദേശിക്കുന്നത്. പാലക്കാട് കഞ്ചിക്കോട് വ്യവസായ മേഖലയിലുള്ള പെപ്സികോ ഇന്ത്യാ ഹോൾഡിംഗ്സ് ലിമിറ്റഡിൽ നിന്നുമുള്ള മലിനജല സംസ്കരണത്തിനായി മലിനജല സംസ്കരണ പ്ലാന്റ് ഉണ്ട്. ഉൽപ്പാദന പ്രക്രിയയിൽ നിന്നുള്ളതല്ലാത്ത മലിനജലത്തിന് (സ്വീവേജ്, സള്ളേജ്) ഒരു സ്വീവേജ് സംസ്കരണ പ്ലാന്റും പ്രവർത്തിക്കുന്നു. സംസ്കരിച്ച മലിനജലത്തിന്റെ ഒരു ഭാഗം ചെടികൾ നനയ്ക്കുന്നതിനും ബാക്കി പ്ലാന്റിലെ നേരിട്ട് ഉൽപ്പാദനത്തിനല്ലാത്ത ആവശ്യങ്ങൾക്ക് പുനരുപയോഗിക്കുകയുമാണ് ചെയ്യുന്നത്.

ഇതിനുപുറമേ കഞ്ചിക്കോട് വ്യവസായ മേഖലയിൽ മലിനജലം ഉത്പ്പാദിപ്പിക്കുന്ന എല്ലാ വ്യവസായശാലകളിലും മതിയായ മലിനജല സംസ്കരണ സംവിധാനം പ്രവർത്തിക്കുന്നുണ്ട്. ശുദ്ധീകരിച്ച ജലം നിശ്ചിത ഗുണനിലവാരം കൈവരിക്കുന്നുണ്ടെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധനയിൽ ഉറപ്പുവരുത്തുന്നുണ്ട്.

അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനായി കഞ്ചിക്കോട് വ്യവസായ മേഖലയിൽ ഒരു അന്തരീക്ഷ വായു ഗുണനിലവാര സ്റ്റേഷൻ മലിനീകരണ നിയന്ത്രണബോർഡ് ഏർപ്പെടുത്തി പ്രവർത്തിച്ചുവരുന്നു. കൂടാതെ വ്യവസായ വകുപ്പ് നിയോഗിച്ച കമ്മിറ്റി നിർദ്ദേശ പ്രകാരം ജില്ലാ കളക്ടർ ചെയർമാനായി പരിസ്ഥിതി കാവൽ സംഘം രൂപീകരിക്കുകയും ടി സംഘം പ്രസ്തുത മേഖലയിലെ സ്ഥാപനങ്ങൾ കാരണമുള്ള മലിനീകരണ പ്രശ്നങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു.

വനമേഖലയ്ക്ക് പുറത്തുള്ള ജൈവ വൈവിധ്യ സംരക്ഷണം

297 (3931) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനമേഖലക്ക് പുറത്തുള്ള ആവാസസ്ഥലങ്ങളിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly